# ഈ വളർച്ചകൾ



ഈ വളർച്ചകളുടെ
        നീണ്ട പാത തൻ വക്കിൽ
ഈയനന്തതയുടെ–
        യജ്ഞാത ഗർഭത്തിങ്കൽ

കുഞ്ഞിക്കാലുകൾ നീട്ടി
        നീ കിടന്നപ്പോൾ, വിണ്ണിൽ
മിന്നിയ നക്ഷത്രങ്ങൾ
        നിൻെറ കണ്ണുകളായി.

മധുരോദാരം നിൻെറ
        ഭാവന പ്രതിഷ്ഠിച്ചു
മതിയാവോളം മന്നി–
        ലെത്രയോ ദൈവങ്ങളെ.

മൂകരായൊളിമ്പസിൻ
        മുകളിൽ, ഹിമാലയ
സാനുവി, ലവരെല്ലാം
        ദീർഘ നിദ്രയിലായി.

★

ഇന്നലെയുടെ നീണ്ട
        പുസ്തകം മറിപ്പൂ ഞാൻ
എന്തു സുന്ദരമായ
        ചിത്രമിപ്പുറന്താളിൽ!

കാടുകൾ വെട്ടിക്കേറി,
        ചുട്ടമാംസവും തിന്നു
തീയു കാഞ്ഞിരുന്നൊരു
        വനവേടനാണല്ലോ

സൗരയൂഥങ്ങൾ തോറും
 തൻ ജയക്കൊടിക്കൂറ
പാറിച്ചു മിന്നൽപ്പിണർ
 പോലെ പായുന്നു വേഗം.

ഈ രണ്ടു ചിത്രങ്ങൾക്കു–
 മിടയിൽ, ചരിത്രത്തിൻ
നീണ്ട നിൻ കാല്പാടുകൾ
 നോക്കി ഞാൻ നടക്കുന്നു.

✦

കൂലങ്ങൾ കുത്തിത്തകർ–
 ത്തൊഴുകുന്നിതാ നദി
നീ വന്നു നില്ക്കുന്നതിൻ
 തീര ഭൂഭാഗങ്ങളിൽ.

സൈന്ധവ നദീതട–
 ഭംഗികൾ നേട്ടത്തിൻെറ
പൈതൃകമായിട്ടിന്നും
 കാത്തു സൂക്ഷിക്കുന്നു നീ.

ബാബിലോണിയൻ വയ–
 ലേലകളൈശ്വര്യത്തിൻ
മൂകമാ, മിതിഹാസ
 ചിത്രമായ്ത്തെളിയുന്നു.

ഈ വളർച്ചകൾ കണ്ടു
 നരസിംഹങ്ങൾ പോലും
നീല നൈൽത്തടങ്ങളിൽ
 വിസ്മയിച്ചല്ലോ നിന്നു.

✶

ഈ വളർച്ചകളുടെ
 നീണ്ട പാത തൻ വക്കിൽ
ഞാൻ വഴിയറിയാതെ
 നില്ക്കുന്ന യാത്രക്കാരൻ. ■